# പതിമൂന്നാം കേരളനിയമസഭ
# പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2682** **10/12/2014-ൽ മറുപടിക്ക്**

## കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലെ ഓഡിറ്റ്

**ചോദ്യം**

ശ്രീ. ഇ.പി.ജയരാജൻ
,, എളമരം കരീം
,, ബാബു എം. പാലിശ്ശേരി
,, ബി.ഡി. ദേവസ്സി

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ (കെ.എം.എസ്.സി.എൽ) ഓഡിറ്റ് ചെയ്ത അക്കൗണ്ടന്റ് ജനറലിന്റെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നെന്ന് അറിയിക്കാമോ ; | (എ) | 2008-13 ലെ ഓഡിറ്റ് സ്റ്റോക്ക് പെർഫോർമൻസ് റിപ്പോർട്ട് പ്രകാരം കോർപ്പറേഷൻ 92.66 കോടി രൂപയ്ക്കുള്ള 16,529 ബാച്ച് മരുന്നുകൾ (321 ഇനം മരുന്നുകൾ) നിശ്ചിത ഷെൽഫ് ലൈഫ് ഇല്ലാതെ സംഭരിക്കുകയുണ്ടായി. കോർപ്പറേഷൻ മരുന്നു വിതരണത്തിൽ 'ഫിഫോ' സിസ്റ്റം വേണ്ടതു പോലെ ഉപയോഗിക്കാതെ വന്നതിനാൽ 2.91 കോടി രൂപയ്ക്കുള്ള മരുന്നുകൾ കാലഹരണപ്പെട്ടതായും റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്.<br>2008-13 കാലയളവിൽ കോർപ്പറേഷൻ സംഭരിച്ച 47,650 ബാച്ചുമരുന്നുകളിൽ 382 ബാച്ചു മരുന്നുകൾ ഗുണനിലവാരമില്ലാത്തവയായിരുന്നു എന്ന് പരിശോധനയിൽ കണ്ടെത്തിയിരുന്നു. അതിൽ 122 ബാച്ചു മരുന്നുകൾ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഗുണനിലവാര പരിശോധനാ റിപ്പോർട്ട് ലഭിക്കുന്നതിനു മുൻപു തന്നെ വിതരണം ചെയ്തു കഴിഞ്ഞു. സർക്കാർ ആശുപത്രികളിലെ മരുന്നുകളുടെ ലഭ്യതയെക്കുറിച്ച് 2008-12 കാലയളവിൽ നടത്തിയ പരിശോധനയിൽ വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലലെ ആശുപത്രികളിൽ അവശ്യമരുന്നുകളുടെ ലഭ്യത മറ്റു ജില്ലകളെ അപേക്ഷിച്ച് വളരെ കുറവായിരുന്നു. |
| (ബി) | മരുന്നിന്റെ സ്റ്റോക്കിൽ കണ്ടെത്തിയ കുറവ് എത്ര രൂപയുടേതായിരുന്നെന്ന് അറിയിക്കാമോ ; | (ബി) | 2013 വർഷത്തെ സ്റ്റോക്കെടുപ്പിന്റെ ഭാഗമായി സിസ്റ്റം സ്റ്റോക്കും, ഫിസിക്കൽ സ്റ്റോക്കും താരതമ്യം ചെയ്തപ്പോൾ സിസ്റ്റം സ്റ്റോക്കിനെക്കാൾ 21.23 കോടി രൂപയുടെ കുറവ് ഫിസിക്കൽ സ്റ്റോക്കിൽ കഴിഞ്ഞ അഞ്ചുവർഷത്തെ കാലയളവിൽ ഉണ്ടായതായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇതുമായി ബന്ധപ്പെട്ട് കെ.എം.എസ്.സി.എൽ മുൻ എം.ഡി ക്കെതിരെ കമ്പനിയുടെ സോഫ്റ്റ്‌വെയർ ദാതാക്കൾ പരാതി നൽകിയിരുന്നതിന്റെ വിശദാംശം അറിയിക്കാമോ ; | (സി) | ഇതുമായി ബന്ധപ്പെട്ട് കെ.എം.എസ്.സി.എൽ മുൻ എം.ഡി ക്കെതിരെയുള്ള സോഫ്റ്റ്‌വെയർ ദാതാക്കളുടെ പരാതികളൊന്നും ലഭിച്ചിട്ടില്ല. |
| (ഡി) | പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണവും കണ്ടെത്തലും വിശദമാക്കാമോ ; | (ഡി) | ബാധകമല്ല. |
| (ഇ) | മുൻ എം.ഡി. ക്കെതിരെ, കൈക്കൂലി ആവശ്യപ്പെട്ടു എന്നാരോപിച്ചുകൊണ്ട്, മരുന്നുല്പാദന സ്ഥാപനം നൽകിയിരുന്ന പരാതിയിന്മേലുള്ള അന്വേഷണം പൂർത്തിയാക്കിയോ ; കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു എന്ന് വിശദമാക്കുമോ ? | (ഇ) | അന്വേഷണം പൂർത്തിയായിട്ടില്ല. |

സെക്ഷൻ ഓഫീസർ